**സബ്മിഷൻ**

(1) ആലത്തൂർ ഫയർ സ്റ്റേഷൻ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ ഫയർ സ്റ്റേഷൻ ഇപ്പോൾ താൽക്കാലിക കെട്ടിടത്തിലാണ്. അത് വളരെ ദുർബ്ബലാവസ്ഥയിലാണ്. അടിയന്തരമായി അതൊരു പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(2) ജില്ലാതല പോലീസ് കൺസൽട്ടേറ്റീവ് കമ്മിറ്റി

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ക്രമസമാധാനപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് പോലീസും ജനപ്രതിനിധികളും തമ്മിലുള്ള ഒരു പോലീസ് കൺസൽട്ടേറ്റീവ് കമ്മിറ്റി നിലവിലുണ്ടായിരുന്നു. എം.എൽ.എ.-മാരും പോലീസ് ഉന്നത ഉദ്യോഗസ്ഥരും മൂന്നുമാസത്തിലൊരിക്കലാണ് ഈ യോഗം ചേർന്നിരുന്നത്. ഇപ്പോൾ കുറെക്കാലമായി ഇങ്ങനെയൊരു കമ്മിറ്റി നിലവിലില്ല. പോലീസിന്റെ ഭാഗത്തുനിന്ന് ജനപ്രതിനിധികളോട് വളരെ മോശമായി പെരുമാറ്റമുണ്ട്. അതുകൊണ്ട് ഈ കമ്മിറ്റികൾ

പുനഃസ്ഥാപിക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിർദ്ദേശം അംഗീകരിച്ച് വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

(3) നെന്മാറ ഐ.ടി.ഐ.-യ്ക്ക് സ്ഥലം ലഭ്യമാക്കൽ

ശ്രീ. കെ. ബാബു (നെന്മാറ): സർ, രണ്ടര ഏക്കർ ഭൂമി നെന്മാറ ഐ.ടി.ഐ.-യ്ക്ക് ആവശ്യപ്പെട്ടെങ്കിലും ഒരു ഏക്കറും 7 സെന്റുമാണ് അനുവദിച്ചത്. ബാക്കിവരുന്ന ഭൂമി കൂടി അനുവദിച്ച് ആവശ്യമായ ഐ.ടി.ഐ.-ക്ക് കെട്ടിടം പണിയുന്നതിനുള്ള സൗകര്യമുണ്ടാക്കുമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിക്കേണ്ട പ്രശ്നമുണ്ട്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

(4) ഇതര സംസ്ഥാനക്കാർക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കൽ

ശ്രീ. കെ. ജെ. മാക്സി: സർ, ഇതരസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ കുടിയേറി താമസിക്കുന്നവരുടെ ഇവിടെ ജനിച്ച മക്കൾക്ക് ജാതിസർട്ടിഫിക്കറ്റ്, ക്രീമിലെയർ സർട്ടിഫിക്കറ്റ് എന്നിവ കിട്ടുന്നതിന് വലിയ തടസ്സമുണ്ട്. ആ തടസ്സം പരിഹരിക്കുന്നതിന് ഗവൺമെന്റ് ഒരു

+ അനുബന്ധമായി ചേർക്കുന്നു.

+ അനുബന്ധമായി ചേർക്കുന്നു.

നോഡൽ ഏജൻസിയെ ചുമതലപ്പെടുത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇത് സംസ്ഥാന സർക്കാരിന് മാത്രമായി തീരുമാനമെടുക്കാൻ കഴിയാത്ത ഒരു വിഷയമാണ്. കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം, പേഴ്സണൽ മന്ത്രാലയം എന്നിവരുടെ അഭിപ്രായവും കേന്ദ്ര-സംസ്ഥാന പിന്നോക്കവിഭാഗ കമ്മീഷനുകളുടെ പഠനവും ശിപാർശയും ആവശ്യമാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

(5) റാന്നിയിൽ മഴക്കെടുതിമൂലം നഷ്ടം സംഭവിച്ച വ്യാപാരികൾക്ക് സ്പെഷ്യൽ പാക്കേജ്

ശ്രീ. പ്രമോദ് നാരായൺ: സർ, റാന്നിയിലെ ചുങ്കപ്പാറ ടൗണിലെ 63 കടകളിലാണ് കഴിഞ്ഞ ദിവസം കനത്ത മഴയിൽ വെള്ളം കയറി ഓണ വിപണിക്കായി ശേഖരിച്ചിരുന്ന സാധനങ്ങൾ മുഴുവൻ നഷ്ടമായത്. അവരെ സഹായിക്കാൻ പ്രത്യേക പദ്ധതി പ്രഖ്യാപിക്കണമെന്നാണ് എന്റെ സബ്മിഷൻ.

+ അനുബന്ധമായി ചേർക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇത് നേരത്തെ ഞാൻ അടിയന്തര ചോദ്യത്തിൽ പറഞ്ഞതാണ്. സർക്കാർ നഷ്ടപരിഹാരം കൊടുക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. എസ്.ഡി.ആർ.എഫ്-ൽ ഇതിന് വകുപ്പില്ല. എന്നാൽ ഈ പ്രശ്നങ്ങളെല്ലാം പരിശോധിക്കാവുന്നതാണ്.

(6) മടയംതോട് നിവാസികൾക്ക് പട്ടയം ലഭ്യമാക്കൽ

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, എന്റെ മണ്ഡലത്തിൽ ആലപ്പുഴയിലെ രണ്ട് പഞ്ചായത്തുകളിലായി 120 കുടുംബങ്ങൾ മടയംതോടിന്റെ ഇരുവശങ്ങളിലായി താമസിക്കുന്നവരാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ അവരെ അവിടെനിന്ന് മാറ്റാൻ നിർബന്ധിതമായിരിക്കുകയാണ്. മാനുഷിക പ്രശ്നം എന്ന നിലയിൽ അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിക്കുന്നത് വളരെ ഗൗരവമായ പ്രശ്നമാണ്. ഇതിന് വിശദമായ മറുപടിയുണ്ട്. പ്രത്യേകമായി ഒറ്റവരിയിൽ പറയാനുള്ളത്, അംഗത്തിന്റെ ആവശ്യം പരിഗണിച്ച് ഈ വിഷയം ചർച്ച ചെയ്യാൻ

ജലവിഭവ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, നിയമ വകുപ്പ് മന്ത്രിമാർ റവന്യൂ വകുപ്പുമന്ത്രി കൂടി പങ്കെടുക്കുന്ന ഒരു യോഗം ഈ മാസം തന്നെ വിളിച്ചുചേർക്കാം.

(7) <u>എം.എൽ.എ. ഫണ്ട് മുഖേനയുള്ള പ്രവൃത്തികളുടെ ജി.എസ്.ടി. നിരക്ക്</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ ഇത് അവതരിപ്പിക്കുന്നത് എല്ലാ എം.എൽ.എ.-മാർക്കുംവേണ്ടിയാണ്. ജി.എസ്.ടി. നിരക്ക് 12 ശതമാനത്തിൽ നിന്നും 18 ശതമാനമായപ്പോൾ കംപ്ലീറ്റ് എസ്റ്റിമേറ്റുകളും ബില്ലുകളും റിവൈസ് ചെയ്യേണ്ടിവന്ന പ്രശ്നമാണ്. നേരത്തെ തന്നെ ഫണ്ട് കുറവാണ്. ഇതുകൂടിയാകുമ്പോൾ ഒരു വർക്കും എടുക്കേണ്ട ആവശ്യമില്ല. പണ്ട് രണ്ട് ക്ലാസ്സ് റൂം ഉണ്ടാക്കിയിടത്ത് ഇപ്പോൾ ഒരു ക്ലാസ് റൂം ഉണ്ടാക്കുന്നതിനേ ഫണ്ട് തികയുകയുള്ളു. ആ രീതിയിൽ ഒരു പ്രശ്നമുണ്ടാകുമ്പോൾ ഒന്നുകിൽ കൂടുതൽ ഫണ്ട് അനുവദിക്കുക അല്ലെങ്കിൽ ജി.എസ്.ടി. ഇതിൽനിന്ന് ഒഴിവാക്കിത്തരുമോ?

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, മറുപടി മേശപ്പുറത്ത് വയ്ക്കുകയാണ്. ജി.എസ്.ടി.-യുടെ വർദ്ധന അത്രയധികം വരില്ല. പുതുതായി വരുന്ന എസ്റ്റിമേറ്റുകൾക്ക് ജി.എസ്.ടി.-യും കൂടി

ചേർത്തിട്ടാണ് വരുന്നത്. നിലവിൽ ഒരു ഫോർമുല ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് എം.എൽ.എ. ഫണ്ട്-ന് ജി.എസ്.ടി ഒഴിവാക്കുന്നത് പിന്നീട് പരിശോധിക്കുന്നതാണ്.

(8) അപ്പർ കുട്ടനാട് ഡെവലപ്മെന്റ് അതോറിറ്റി

ശ്രീ. രമേശ് ചെന്നിത്തല: സർ, തണ്ണീർത്തടങ്ങളുടെ ഭൂമികയാണ് അപ്പർ കുട്ടനാട് മേഖല. കോട്ടയം-പത്തനംതിട്ട-ആലപ്പുഴ എന്നീ മൂന്ന് ജില്ലകളിൽ അടങ്ങുന്ന ഈ ജൈവ വൈവിധ്യത്തിന്റെ സമ്പന്നമായ ഈ പ്രദേശത്ത് എല്ലാവർഷവും കാലവർഷം കാരണം വലിയ പ്രതിസന്ധിയുണ്ടാവുകയാണ്. കൃഷിക്കും അനുബന്ധ കാര്യങ്ങൾക്കുംവേണ്ടി വല്ലാതെ കർഷകർ ബുദ്ധിമുട്ടുകയാണ്. കൃഷിയുടെ പുനരുദ്ധാരണത്തിനും ജൈവ വൈവിധ്യമേഖലയുടെ നിലനില്പിനും വേണ്ടി അടിയന്തരമായി ഒരു അപ്പർ കുട്ടനാട് ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, വളരെ ഗൗരവതരമായ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. കുട്ടനാടിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് കുട്ടനാടിനെ അപ്പർ കുട്ടനാട് കൂടി ചേരുന്ന ഒരു

പ്രത്യേക മേഖലയായി കണക്കാക്കി കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ടാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിരുന്നു. അതിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരണം സാധ്യമാകുന്നതോടെ അപ്പർ കുട്ടനാട്ടുകൂടി ഉൾപ്പെടുന്ന കുട്ടനാടിന്റെ സമഗ്രവികസനം ഉറപ്പാക്കാൻ സാധിക്കും. അത്തരത്തിൽ മുന്നോട്ടുപോകുകയാണ്.

(9) <u>മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് കെട്ടിടം</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, 2015-16 അധ്യയന വർഷത്തിൽ മലപ്പുറത്ത് ആരംഭിച്ച സർക്കാർ വനിതാ ആർട്സ് ആൻഡ് സയൻസ് കോളേജിന് സ്ഥിരം കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്താനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നതാണ് എന്റെ ആവശ്യം. ആറ് വർഷം മുൻപ് ആരംഭിച്ച കെട്ടിടത്തിന്റെ നിർമ്മാണം എം.എൽ.എ.ഫണ്ടിൽ നിന്നുള്ള 2 കോടി 30 ലക്ഷം രൂപ ഉപയോഗിച്ചാണ് നടത്തിയത്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്നും 13,85,55,333/- രൂപയുടെ ധനാനുമതി ലഭിച്ചിട്ടുണ്ട്. അത് എത്രയും

പെട്ടെന്ന് യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, മലപ്പുറം സർക്കാർ വനിതാ ആർട്സ് ആൻഡ് സയൻസ് കോളേജിന് കിഫ്ബി പദ്ധയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള 13.85 കോടി രൂപയ്ക്ക് തയ്യാറാക്കിയ ഡിസൈനിൽ ഗൃഹ മാനദണ്ഡപ്രകാരമുള്ള മാറ്റങ്ങൾ ആവശ്യമാണെന്ന് കിഫ്ബി നിർദ്ദേശിച്ച പ്രകാരം ടി പദ്ധതി ഗൃഹ മാനദണ്ഡപ്രകാരം പുതുക്കി കെട്ടിട നിർമ്മാണത്തിന്റെ നടപടികളുമായി മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണ്.

(10)ടൈപ്പ് വൺ ഡയബറ്റിക് വിദ്യാർത്ഥികൾക്ക് ഇൻസുലിൻ

ശ്രീ. നജീബ് കാന്തപുരം: സർ, ടൈപ്പ് വൺ പ്രമേഹ രോഗികളായ കുട്ടികളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഇപ്പോൾതന്നെ ഏതാണ്ട് അയ്യായിരത്തിലേറെ കുട്ടികൾ ടൈപ്പ് വൺ പ്രമേഹ രോഗികളായിട്ടുണ്ടെന്നാണ് അതുമായി ബന്ധപ്പെട്ട അസോസിയേഷൻ പറയുന്നത്. ഈ കുട്ടികൾക്ക് ഇൻസുലിൻ എടുക്കേണ്ടതുണ്ട്. ഇപ്പോൾ സ്കൂളിൽ പോകുന്ന കുട്ടികൾക്ക് അവിടെ ഇൻസുലിൻ എടുക്കാൻ ഒരു സാഹചര്യവുമില്ല. അവർ പലപ്പോഴും ബാത്ത് റൂമിൽ പോയി ഇൻസുലിൻ

എടുക്കേണ്ടൊരു സാഹചര്യം വരുന്നുണ്ട്. അതുകൊണ്ട് സ്കൂളുകളിൽ ക്ലാസ് മുറികളിലോ അല്ലെങ്കിൽ പ്രധാന അദ്ധ്യാപകർ ഇരിക്കുന്ന സ്ഥലത്തോ സ്റ്റാഫ് മുറികളിലോ ഇതിനുള്ളൊരു പ്രത്യേക സൗകര്യമുണ്ടാക്കണം. കൂടാതെ സ്കൂളുകളിൽ കുട്ടികൾക്ക് മരുന്ന് സൂക്ഷിക്കാനുള്ള സംവിധാനവും ഉണ്ടാക്കാൻ സാധിക്കുമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സംസ്ഥാനത്ത് കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ പ്രത്യേകം സജ്ജമാക്കിയ സെന്ററുകളിലൂടെയാണ് മിഠായി പദ്ധതിയുടെ സേവനം നൽകി വന്നിരുന്നത്. 2022 ഏപ്രിൽ മാസം മുതൽ ഒൻപത് ജില്ലകളിൽ ആരോഗ്യവകുപ്പുമായി ചേർന്ന് സാറ്റലൈറ്റ് സെന്ററുകൾ വഴി സേവനം ലഭ്യമാക്കാൻ ആരംഭിച്ചിട്ടുണ്ട്. 1184 കുട്ടികൾ മിഠായി പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഇതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് 19-03-2022-നും 14-06-2022-നും രണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾപ്രകാരം കുട്ടികൾക്ക് വൃത്തിയുള്ള നിലയിലും കൃത്യമായും മരുന്നുകൾ നൽകുന്നതിനുള്ള സംവിധാനം ഒരുക്കുന്നുണ്ട്.

(11)എം.എൽ.എ. ഫണ്ടുപയോഗിച്ച് വാങ്ങിയ സ്കൂൾ ബസ്സുകൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, പല സ്കൂളുകളിലും എം.എൽ.എ. ഫണ്ടുപയോഗിച്ച് സ്കൂൾ ബസ്സുകൾ വാങ്ങി നൽകുന്നുണ്ട്. കോവിഡ് കഴിഞ്ഞതിനുശേഷം ആ ബസ്സുകളൊന്നും ഓടാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലാണ് സ്കൂൾ വാഹനം. അവർക്ക് ഫണ്ടില്ലാത്തതുകൊണ്ട് ഈ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയാൽ ഓരോ വർഷത്തെയും റോഡ് ടാക്സ്, മെയിന്റനൻസ്, ഡീസൽ അടിക്കുന്നതിനുള്ള ചെലവും, ഡ്രൈവർക്കും ആയയ്ക്കും ശമ്പളം നൽകാൻ സാധിക്കും. അതുകൊണ്ട് ടി ബസ്സുകളുടെ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സ്കൂൾ ബസ്സുകളുടെ ഉടമസ്ഥാവകാശം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നത് സംബന്ധിച്ച് ആലോചിച്ച് തീരുമാനിക്കേണ്ടതാണ്. എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി നമ്മളെല്ലാവരും വിവിധ സ്കൂളുകൾക്ക് ബസ്സുകൾ വാങ്ങി

നൽകുന്നുണ്ട്. ബഹുമാനപ്പെട്ട കോവൂർ കുഞ്ഞുമോൻ പറഞ്ഞതുപോലുള്ള പ്രശ്നം നിലനിൽക്കുന്നുണ്ട്. അതിന് എങ്ങനെ പരിഹാരം കാണാൻ കഴിയും എന്നതിനെ സംബന്ധിച്ച് ആലോചിക്കാം.

(12)തോട്ടം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

ശ്രീ. ടി. സിദ്ദിഖ്: സർ, കേരളത്തിൽ 685 തോട്ടങ്ങളിലായി 65000-ത്തോളം വരുന്ന തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കേണ്ട സമയം (എട്ട് മാസം) കഴിഞ്ഞിരിക്കുകയാണ്. പി.എൽ.സി. മീറ്റിംഗ് കൂടി വേതനം വർദ്ധിപ്പിക്കാനാവശ്യമായ അടിയന്തര നടപടിയുണ്ടാകണം. 421.26 രൂപയാണ് ഒരു ദിവസത്തെ വേതനം. തൊഴിലുറപ്പ് തൊഴിലാളികളും തോട്ടം തൊഴിലാളികളുമല്ലാതെ അടിസ്ഥാനപരമായ വേതനം ഇത്രയും കുറഞ്ഞ് ലഭിക്കുന്ന സാഹചര്യം വേറെ ഒരിടത്തും ഇല്ല. വേതനം വർദ്ധിപ്പിക്കുന്നതിനുള്ള സമയം 8 മാസം കഴിഞ്ഞിരിക്കുന്നു. വേതനം വർദ്ധിപ്പിക്കാനാവശ്യമായ അടിയന്തര നടപടിയുണ്ടാകണം. അവർ താമസിക്കുന്ന ലയങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടി കൂടി ഉണ്ടാകണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, തോട്ടം തൊഴിലാളി മേഖലയിൽ ദിവസക്കൂലി വർദ്ധനയും ലയങ്ങൾ പുതുക്കി

പണിയുന്നതടക്കമുള്ള നിരവധി പ്രശ്നങ്ങളുണ്ട്. ശ്രീ. കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ തോട്ടമുടമയുടെ സമ്മതം ആവശ്യമാണ്. തോട്ടമുടമകളുടെ യോഗം വിളിച്ചുകൂട്ടി ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് പരമാവധി പരിശ്രമം നടത്തുന്നതാണ്.

(13) <u>പുതുക്കോട് സർവ്വജന എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം</u>

<u>ശ്രീ. പി. പി. സുമോദ്</u>: തരൂർ മണ്ഡലത്തിലെ പുതുക്കോട് സർവ്വജന എച്ച്.എസ്.എസ്. സ്കൂൾ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് സർക്കാർ ഏറ്റെടുക്കാൻ തീരുമാനിക്കുകയും കെട്ടിടത്തിന്റെ നിർമ്മാണത്തിനായി പത്ത് കോടി രൂപ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നീക്കി വയ്ക്കുകയുമുണ്ടായി. എന്നാൽ സ്വകാര്യ മാനേജ്മെന്റ് ഇതിന്റെ ഉടമസ്ഥാവകാശം സ്ഥാപിച്ചുകൊണ്ട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ആയതുകൊണ്ട് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ കൊടുത്ത് വളരെ പെട്ടെന്ന് ടി കേസ് തീർത്ത് കെട്ടിട നിർമ്മാണം സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റുകൾ തമ്മിലുള്ള തർക്കം നടക്കുകയാണ്. കോടതികളിൽ നടക്കുന്ന കേസ്സുകളിൽ പലതും അതാണ്. സിംഗിൾ മാനേജ്മെന്റ് സംബന്ധിച്ചാണ് കൂടുതലും തർക്കം നടക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം പ്രത്യേക വിഷയമായി പരിഗണിച്ച് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(14) പെരുമ്പ പാലം നിർമ്മാണം

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ദേശീയപാതയെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന ഹെഡ്ഡിൽ ഉൾപ്പെടുന്ന പയ്യന്നൂർ-കല്ല്യാശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പയ്യന്നൂരിലെ പെരുമ്പ പുഴയിൽ പുതിയ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് കണ്ടെത്താനാകുമോയെന്നും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്താനുള്ള പദ്ധതി നിർദ്ദേശങ്ങൾ നൽകാനാകുമോയെന്ന കാര്യവും

പരിശോധിക്കുന്നതാണ്.

(15) കരമന- വെള്ളറട റോഡ് നിർമ്മാണം

ശ്രീ. ഐ. ബി. സതീഷ്: സർ, തലസ്ഥാന നഗരത്തെയും ഗ്രാമപ്രദേശങ്ങളെയും ബന്ധിപ്പിക്കുന്ന അഞ്ച് നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന 35 കി. മീ. ദൈർഘ്യമുള്ള 226 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കപ്പെട്ടിട്ടുള്ള കരമന-വെള്ളറട റോഡ് നിർമ്മാണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കരമന-വെള്ളറട റോഡിന്റെ റീച്ച് 2-ന്റെ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. അത് വേഗത്തിലാക്കും. ഇതിന്റെയടിസ്ഥാനത്തിൽ കരമന-വെള്ളറട റോഡിന്റെ റീച്ച് 2-ന്റെ 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള ഫീൽഡ് പരിശോധന ആരംഭിച്ചിട്ടുണ്ട്.

(16) പെരുമ്പാവൂർ ബൈപ്പാസ് നിർമ്മാണം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പെരുമ്പാവൂർ ബൈപ്പാസ് നിർമ്മാണത്തിന്റെ ഒന്നാംഘട്ട പ്രവർത്തനവുമായി ബന്ധപ്പെട്ട 98 ശതമാനം ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു. 80 ശതമാനം ഭൂമി ഏറ്റെടുത്തുകഴിഞ്ഞാൽ ടെണ്ടർ നടപടിയിലേയ്ക്ക് പോകാൻ സാധിക്കും. ആർ.ബി.ഡി.സി.കെ ആദ്യം ഐ.ഐ.ടി. റിപ്പോർട്ട് വേണമെന്നും രണ്ടാമത് നാറ്റ്പാക് റിപ്പോർട്ട് വേണമെന്നമാണ് പറയുന്നത്. ഇങ്ങനെ അനന്തമായി നീണ്ടുകഴിഞ്ഞാൽ എന്തായിരിക്കും അവസ്ഥ? എത്രയും പെട്ടെന്ന് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പെരുമ്പാവൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ട് ഭൂവുടമകൾ ഫയൽ ചെയ്തിട്ടുള്ള കേസ്സിൽ സ്റ്റേ നിലനിൽക്കുകയാണ്. റോഡിന്റെ ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

(17) കോഴിക്കോട് എൻ. ഐ. ടി. അണ്ടർപാസ്

ശ്രീ. പി. ടി. എ. റഹിം: കോഴിക്കോട് എൻ.ഐ.ടി.-യുടെ രണ്ട്

ക്യാമ്പസ്സുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന അണ്ടർപാസ് നിർമ്മാണത്തിന് 8 കോടി രൂപ പൊതുമരാമത്ത് വകുപ്പിൽ കെട്ടിവച്ചിരുന്നു. ഇതുവരെ പ്രവൃത്തി നടപ്പാക്കിയിട്ടില്ല. ടി പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏൽപ്പിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കോഴിക്കോട് എൻ.ഐ.ടി. ക്യാമ്പസ്സിലെ അണ്ടർപാസ് നിർമ്മാണം വേഗത്തിലാക്കുന്നതിനുള്ള ഇടപെടൽ നടത്താൻ പൊതുമരാമത്ത് വകുപ്പുസെക്രട്ടറിയെ ചുമതലപ്പെടുത്താം.

(18) നാട്ടികയിലെ റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. സി. സി. മുകുന്ദൻ: സർ, നാട്ടിക മണ്ഡലത്തിലെ രണ്ട് പ്രധാനപ്പെട്ട റോഡുകളുടെ നിർമ്മാണം അടിയന്തരമായി ചെയ്തുതീർക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കാഞ്ഞാണി, തൃപ്രയാർ, ചേർപ്പ് ഉൾപ്പെടെയുള്ള റോഡുകൾ സംബന്ധിച്ച് വലിയ പരാതികൾ നിലനിൽക്കുകയാണ്. അതിന് ശാശ്വതമായ പരിഹാരമുണ്ടാകണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് നിലനിൽക്കുന്നത്. അക്കാര്യത്തിൽ അടിയന്തരമായും ശക്തമായും ഇടപെടൽ നടത്തി പ്രശ്നം പരിഹരിക്കുന്നതാണ്.

(19) വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡ് നവീകരണം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അങ്ങാടിപ്പുറം-വളാഞ്ചേരി റോഡിന്റെ ഇന്നത്തെ അവസ്ഥ വളരെ പരിതാപകരമാണ്. റോഡ് ഏതാണ്, തോട് ഏതാണ്, കുഴി ഏതാണ് എന്ന് മനസ്സിലാക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. പന്ത്രണ്ട് വർഷങ്ങൾക്കുമുമ്പാണ് ഇത് ബി.എം.& ബി.സി. ചെയ്തത്. ഒരു വർഷം മുമ്പ് 15 കോടി രൂപയുടെ എസ്റ്റിമേറ്റ് റോഡ്സ് ആൻഡ് ഡിവിഷൻ മലപ്പുറം അയച്ചുതന്നിരുന്നു. അതിൽ 55 ലക്ഷം രൂപയാണ് കുഴി അടയ്ക്കാൻ ലഭിച്ചത്. റോഡുകളെല്ലാം വളരെ മോശമായ അവസ്ഥയിലാണ്. അതുകൊണ്ട് എത്രയും പെട്ടെന്ന് ഈ റോഡുകൾ ബി.എം.&ബി.സി. ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): റോഡ് നവീകരണത്തിന്റെ സാധ്യതാഫണ്ടിന്റെ ലഭ്യതകൂടി പരിഗണിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(20) ഇടിമുഴിക്കൽ-തലപ്പാറ റോഡ് നിർമ്മാണം

ശ്രീ. പി. അബ്ദുൽ ഹമീദ്: ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഇടിമുഴിക്കൽ-തലപ്പാറ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട കൺസ്ട്രക്ഷൻ കമ്പനി എന്ത് പ്രവൃത്തിയാണ് ചെയ്യുന്നതെന്ന് വ്യക്തതയില്ല. ഡ്രെയിനേജ്, സർവ്വീസ് റോഡ് എന്നിവ സംബന്ധിച്ച് യാതൊരു ധാരണയുമില്ല, അത് ബോധ്യപ്പെടുത്തിയിട്ടുമില്ല. അവർക്ക് തോന്നിയതുപോലെ പണിയുകയാണ്. താഴെ ചേളാരി, മേലെ ചേളാരി, പരപ്പനങ്ങാടി തുടങ്ങിയ റോഡുകളിൽ ട്രാഫിക് കാരണം മണിക്കൂറുകളോളം വണ്ടികൾ കാത്തുനിൽക്കുകയാണ്. ഈ റോഡിന്റെ പണി പൂർത്തിയായാലും അവിടത്തെ ട്രാഫിക് കുരുക്ക് മാറുമെന്ന് തോന്നുന്നില്ല. ആവശ്യമെങ്കിൽ അവിടെ ഏറ്റെടുത്തെങ്കിലും ടി പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. ടി സ്ഥലത്തെ ബസ് സ്റ്റോപ്പുകൾ പൊളിച്ചിട്ടിരിക്കുകയാണ്. അത്

പുനർനിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, എൻ.എച്ച്.എ.ഐ.-യുടെ പ്രവൃത്തികൾ മാസത്തിൽ രണ്ടുതവണ പി.ഡബ്ല്യൂ.ഡി. മിഷൻ ടീം പരിശോധിക്കുന്നുണ്ട്. പ്രസ്തുത സ്ഥലത്ത് നേരിട്ട് പരിശോധന നടത്തി വിഷയത്തിൽ ഇടപെടാം.

## (21)കൂത്തുപ്പറമ്പിലെ റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. കെ. പി. മോഹനൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ വളരെ ഇഴഞ്ഞാണ് നടക്കുന്നത്. രണ്ടുമൂന്ന് വർഷമായിട്ടും പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയുന്നില്ല. പെരിങ്ങത്തൂർ, കാഞ്ഞിരക്കടവ്, കീഴ്മാണം കല്ലിക്കണ്ടി റോഡ്, ആറാട്ട് കുന്നോത്ത് പറമ്പ്-പാറക്കടവ് റോഡ്, പുത്തൂർ പോസ്റ്റാഫീസ്-കൈവേലിക്കൽ നെല്ലങ്ങൽ റോഡ്, കൂത്തുപറമ്പ്-മൂരിയാട് റോഡ്, തലശ്ശേരി-വളവുപാറ കെ.എസ്.ടി.പി. റോഡുകളുടെയടക്കം നിർമ്മാണം വളരെ സാവകാശത്തിലാണ് നടക്കുന്നത്. അതുപോലെതന്നെ കല്ലിക്കണ്ടി പാലത്തിന്റെ നിർമ്മാണവും നിലച്ചിരിക്കുകയാണ്. ഇവയുടെയെല്ലാം നിർമ്മാണം പൂർത്തിയാക്കുന്നതിന്

നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ ചില റോഡുകളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഇതുവരേയും പ്രവൃത്തി തുടങ്ങാത്ത പ്രവൃത്തികൾ അടിയന്തരമായി പരിശോധിക്കുന്നതാണ്.

(22)കൊടിനട വഴിമുക്ക് മൂന്നാം ഘട്ട പ്രവൃത്തി

ശ്രീ. എം. വിൻസെന്റ്: കരമന-കളിയിക്കാവിള റോഡിന്റെ രണ്ടാം ഘട്ട നിർമ്മാണ ജോലികൾ നിശ്ചയിച്ചിരുന്നത് പ്രാവച്ചമ്പലം മുതൽ വഴിമുക്കുവരെയായിരുന്നു, പിന്നീടത് രണ്ടായി തിരിച്ചു. ആ റോഡിന്റെ പകുതി ഭാഗം പൂർത്തിയാക്കിയിട്ട് ഒരു വർഷത്തിലേറെ കഴിഞ്ഞിരിക്കുകയാണ്. മൂന്നാം ഘട്ടത്തിൽ, പൂർത്തിയാക്കാൻ ആകെ രണ്ടുകിലോമീറ്റർ മാത്രമെ അവശേഷിക്കുന്നുള്ളൂ. ആ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ വളരെ ഇഴഞ്ഞാണ് നീങ്ങുന്നത്. ഒന്നരവർഷമായി ഒരു പ്രവൃത്തിയിലും കാര്യമായ പുരോഗതിയില്ല. ആയതിനാൽ ഒരു കലണ്ടർ നിശ്ചയിച്ച് എന്ന് പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കിഫ്ബി ടെക്നിക്കൽ വകുപ്പ് ഡിസൈൻ വിഭാഗം തയ്യാറാക്കി വരികയാണ്. കിഫ്ബി ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന ഡി.പി.ആർ. തയ്യാറാക്കുന്നതിനാവശ്യമായ സർവ്വെ പുരോഗമിക്കുന്നു. ഡി.പി.ആർ. തയ്യാറായാലുടൻ കിഫ്ബി-യിൽ സമർപ്പിച്ച്, പുതിയ സാമ്പത്തികാനുമതി ലഭ്യമാക്കി, പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (23)കുഞ്ഞിപ്പള്ളി ടോൾ പ്ലാസ

ശ്രീമതി കെ. കെ. രമ: സർ, എൻ. എച്ച്-66 വികസനത്തിന്റെ ഭാഗമായി വടകര മണ്ഡലത്തിലെ അഴിയൂർ പഞ്ചായത്തിൽ, കുഞ്ഞിപ്പള്ളി മുതൽ മുക്കാളിവരെയുള്ള പ്രദേശത്ത് സർവ്വീസ് റോഡില്ലെന്നുള്ള ഗുരുതരമായ സ്ഥിതിവിശേഷമുണ്ട്. ടോൾ പ്ലാസ സ്ഥാപിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ സർവ്വീസ് റോഡ് നിർമ്മിക്കാത്തത്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു തീർദേശ പഞ്ചായത്തുകൂടിയാണിത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി, നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട്, ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്തണമെന്നാണ്

അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇതുമായി ബന്ധപ്പെട്ട്, ബഹുമാനപ്പെട്ട എം.എൽ.എ. പങ്കെടുത്ത ഒരു മീറ്റിംഗ് വിളിച്ചിരുന്നു. ധാരാളം ജനങ്ങൾ അധിവസിക്കുന്ന ഈ പ്രദേശത്തെ ജനങ്ങളുടെ വളരെ പ്രധാനപ്പെട്ട ഒരാവശ്യമാണിത്. ആ ഭാഗത്തേയ്ക്കുള്ള പ്രവേശനത്തിന് പരിഹാരം കാണുന്നതിനായി കൺസഷണർ, എഞ്ചിനീയർ എന്നിവർ വിഷയം പരിശോധിച്ചുവരികയാണ്.

(24)പുലിക്കളി സംഘങ്ങൾക്ക് ധനസഹായം

ശ്രീ. പി. ബാലചന്ദ്രൻ: സർ, ദേശീയ ഉത്സവമായ ഓണത്തിന്റെ ഭാഗമായി തൃശ്ശൂരിൽ നാലാം ഓണത്തിന് പുലിക്കളി സംഘങ്ങളിറങ്ങും. ടൂറിസം വാരാഘോഷത്തിന്റെ ഭാഗമായി നടക്കുന്ന ഈ ആഘോഷത്തിൽ, സാമ്പത്തിക പ്രയാസം കാരണം ഇത്തവണ രണ്ട് സംഘങ്ങൾ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സാധാരണ പതിനഞ്ച് സംഘങ്ങളോളം ഈ ആഘോഷത്തിൽ പങ്കെടുക്കാറുള്ളതാണ്. അതുകൊണ്ട് ടൂറിസം വകുപ്പിന്റെ ഭാഗത്തുനിന്നും ഇത്തരം സംഘങ്ങൾക്ക് സാമ്പത്തിക സഹായം

നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇക്കാര്യം പരിശോധിക്കുന്നതാണ്. അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക്, സാമ്പത്തിക സഹായത്തിനുള്ള ആവശ്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(25)മാസ്കമാരി-കുരുഡപ്പദവ് റോഡിന് കിഫ്ബി അനുമതി

ശ്രീ. എ. കെ. എം. അഷറഫ്: സർ, കിഫ്ബിയിൽ ഉൾപ്പെടുത്തിയ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ മാസ്കമാരി-കുരുഡപ്പദവ് റോഡ്, പ്രവൃത്തികൾ ഉടനെ തുടങ്ങണമെന്ന സബ്മിഷനാണ് ഉന്നയിക്കുന്നത്. ലാൽ-ബാഗിൽനിന്നും ആരംഭിച്ച് കർണ്ണാടകയിലേയ്ക്ക് പോകുന്ന റോഡാണ് മാസ്കമാരി-കുരുഡപ്പദവ് റോഡ്. ഈ റോഡിന്റെ പ്രവൃത്തി ആരംഭിക്കാത്തതിനാൽ ആ പ്രദേശത്തുള്ള ജനങ്ങൾ വളരെയേറെ പ്രയാസങ്ങൾ നേരിടുകയാണ്. ഈ റോഡിന്റെ പണി കിഫ്ബി-യിൽ ഉൾപ്പെടുത്തി എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്ന് ആവശ്യപ്പെടുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഈ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട മറുപടി മേശപ്പുറത്ത് വയ്ക്കുന്നതാണ്.

കിഫ്ബി-യുടെ നിലവിലെ കണ്ടീഷൻസ് അനുസരിച്ച് ചില പരിമിതികളുണ്ട്. പക്ഷെ, ഇത്തരം വർക്കുകൾ പ്രത്യേകമായി ഏറ്റെടുക്കുന്നതിനുള്ള ഒരു പ്രൊവിഷൻ ഉണ്ടാക്കിയിട്ടുണ്ട്. അതിലെ വ്യവസ്ഥകളനുസരിച്ച് കാര്യങ്ങൾ ചെയ്യുന്നതാണ്.

(26) തൃശ്ശൂർ നെഞ്ചുരോഗാശുപത്രിയുടെ പ്രവർത്തനം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ആധുനിക ഹൈടെക് ക്യാൻസർ ചികിത്സയ്ക്കാവശ്യമായ യന്ത്രങ്ങളും പോസ്റ്റുകളും പുതിയ വിഭാഗങ്ങളും അനുവദിച്ച്, മധ്യകേരളത്തിലെ ആർ.സി.സി. എന്ന കാഴ്ചപ്പാടോടെ, തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ ഭാഗമായ നെഞ്ചുരോഗാശുപത്രിയെ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സംസ്ഥാന സർക്കാരിന്റെ ക്യാൻസർ കെയർ നയത്തിന്റെ ഭാഗമായി, മെഡിക്കൽ കോളേജുകളിൽ ക്യാൻസർ ചികിത്സ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. തൃശ്ശൂർ നെഞ്ചുരോഗാശുപത്രിയിൽ ലിനാക് മെഷീൻ സ്ഥാപിച്ച് റേഡിയേഷൻ

ചികിത്സ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ സർജിക്കൽ ഓങ്കോളജി ശക്തിപ്പെടുത്തുന്നതിന് അഞ്ചുകോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുടർ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്നു.

(27)കാട്ടാക്കട സി.എച്ച്.സി.-യുടെ പ്രവർത്തനം

ശ്രീ. ജി. സ്റ്റീഫൻ: സർ, കാട്ടാക്കട താലൂക്കാസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന സി.എച്ച്.സി.യുടെ പ്രവർത്തനം വളരെ പരിതാപകരമായ സാഹചര്യത്തിലൂടെയാണ് മുന്നോട്ടുപോകുന്നത്. അതുകൊണ്ട് അവിടെ സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ അനുവദിച്ച് ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഒ.പി.-യിൽ ചികിത്സ തേടിയെത്തുന്ന, 400-ഓളം രോഗികൾക്ക് ചികിത്സാ സഹായം ലഭ്യമാകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കാട്ടാക്കട കുടുംബാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനുവേണ്ടി സർക്കാരിന്റെ സാമ്പത്തികസ്ഥിതികൂടി പരിഗണിച്ചുകൊണ്ട് തസ്തികകൾ അനുവദിക്കുന്നതും തുടർ വികസന

പ്രവത്തനങ്ങൾ ഗൗരവമായി പരിശോധിക്കുന്നതുമാണ്.

(28)ആലുവ ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തിയെങ്കിലും അതിനുള്ള സ്റ്റാഫ് പാറ്റേൺ ഇതുവരെ അനുവദിച്ചിട്ടില്ല. ഇതുമൂലം ആ പ്രദേശത്തുള്ള ആളുകൾ ചികിത്സ തേടിയെത്തുമ്പോൾ പലപ്പോഴും ബുദ്ധിമുട്ടുകൾ നേരിടുകയാണ്. സ്റ്റാഫ് പാറ്റേൺ ഉയർത്തണമെന്ന് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും നടപടി സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ആവശ്യം വേണ്ട സ്റ്റാഫ് പാറ്റേൺ അനുവദിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 'ആർദ്രം' പദ്ധതിയുടെ സ്റ്റാൻഡേർഡൈസേഷൻ അനുസരിച്ച് എറണാകുളം ജനറൽ ആശുപത്രിയെയാണ് ജില്ലാതല ആശുപത്രിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ആലുവ ആശുപത്രിയിലുൾപ്പെടെ ആർദ്രം മാനദണ്ഡങ്ങളനുസരിച്ചുള്ള സൗകര്യങ്ങൾ ക്രമീകരിക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്, അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(29) കല്ലറ, പാലോട്, വാമനപുരം സി.എച്ച്.സി.-കളുടെ പ്രവർത്തനം

ശ്രീ. ഡി. കെ. മുരളി: സർ, എന്റെ നിയോജകമണ്ഡലത്തിലെ കല്ലറ, പാലോട്, വാമനപുരം സി.എച്ച്.സി.-കൾ 24x7 ശ്രേണിയിൽപ്പെട്ടതാണ്. ആദിവാസികളും മലയോര മേഖലയിലെ ദരിദ്ര ജനവിഭാഗവും ആശ്രയിക്കുന്ന ഒരാശുപത്രിയാണ്. എൻ.എച്ച്.എം.-ന്റെ ഡോക്ടർമാരുടെ രണ്ട് തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. രാത്രികാലങ്ങളിൽ രോഗികൾ ചികിത്സതേടിയെത്തിയാൽ പരിശോധിക്കാൻ ഡോക്ടർമാരില്ലാത്ത അവസ്ഥയാണുള്ളത്. അതിനാൽ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടിരിക്കുന്നത് അവിടെ ഐ.പി.സൗകര്യം വേണമെന്നുള്ളതാണ്. പാലോട് സി.എച്ച്.സി.-യിൽ നിലവിൽ രാത്രി എട്ടുമണിവരെയാണ് ഡോക്ടറുടെ സേവനമുള്ളത്. ബാക്കി കാര്യങ്ങൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(30) കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ജീവനക്കാരുടെ വേതന വ്യവസ്ഥകൾ

ശ്രീ. എം. വിജിൻ: സർ, കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ജീവനക്കാരുടെ ഇന്റഗ്രേഷൻ നടപടികൾ പൂർത്തിയാക്കാത്തതിനാലും stand alone തുടരുന്നതിനാലും അർഹതപ്പെട്ട ഡി.എ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. അതുകൊണ്ട് ഇന്റഗ്രേഷൻ നടപടികൾ പൂർത്തിയാക്കി, ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഈ ആഗിരണ നടപടികൾ പൂർത്തീകരിച്ചതിനുശേഷമാണ് ഇതുസംബന്ധിച്ചുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതെങ്കിൽപ്പോലും ബഹുമാനപ്പെട്ട, അംഗത്തിന് അറിയാവുന്നതുപോലെ തുടർ യോഗങ്ങൾ നടത്തിക്കൊണ്ട്, കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ജീവനക്കാർക്ക് മറ്റ് മെഡിക്കൽ കോളേജുകളിലെ ജീവനക്കാരുമായി താരതമ്യപ്പെടുത്തുമ്പോഴുള്ള ശമ്പളത്തിലെ കുറവും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം ഡി.എം.ഇ . യ്ക്ക് നൽകിയിട്ടുണ്ട്.

(31)തിരുവമ്പാടി സ്റ്റേഡിയം നിർമ്മാണം

ശ്രീ. ലിന്റോ ജോസഫ്: സർ,തിരുവമ്പാടി സ്റ്റേഡിയം നിർമ്മാണം അനന്തമായി നീണ്ടുപോകുന്നതുസംബന്ധിച്ചുള്ളതാണ് എന്റെ സബ്മിഷൻ. ഒന്നാം പിണറായി സർക്കാർ, അഞ്ചുകോടി രൂപ അനുവദിച്ച് 2019-ൽ ടെണ്ടർ ചെയ്ത വർക്കാണ്. സാങ്കേതിക കാരണങ്ങളാൽ അന്ന് പണി തടസ്സപ്പെട്ടു. 2020-ൽ വീണ്ടും ടെണ്ടർ ചെയ്തുവെങ്കിലും റ്റി.എ.സി. ചേരുന്നതിൽ കാലതാമസം വരുത്തിയതിനാൽ അത് വീണ്ടും ഒഴിവായി. 2022-ഫെബ്രുവരിയിൽ വീണ്ടും ടെണ്ടർ ചെയ്ത്, റ്റി.എ.സി. ചേർന്ന് ഉത്തരവിറക്കാൻ ആറ് മാസം വേണ്ടിവന്നു. നാല് മാസം മാത്രം എസ്. വൈ. എ. സെക്ഷനിൽ താമസം നേരിട്ടു. ഇക്കാരണത്താൽ കരാറുകാർ അതിൽനിന്നും പിൻമാറാൻ പോകുന്നുവെന്നാണ് ഇപ്പോൾ അറിയാൻ കഴിഞ്ഞത്. ഈ കൃത്യവിലോപത്തിനെതിരെ നടപടി സ്വീകരിച്ച്, അടിയന്തരമായി സ്റ്റേഡിയം നിർമ്മാണം പൂർത്തിയാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ

സബ്മിഷനിൽ പറഞ്ഞ കാര്യങ്ങളിൽ, സ്പോർട്സ് വകുപ്പ് കർശനമായ നടപടി സ്വീകരിച്ചിട്ടുണ്ട്. എൽ 3 ആയി ക്വാട്ട് ചെയ്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ഇതുമായി ബന്ധപ്പെട്ട എ. എസ്. നൽകി, അവർ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ഈ ആഗസ്റ്റ് 25-നാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത ദിവസംതന്നെ റ്റി.എസ്. നൽകി, പ്രവൃത്തി ആരംഭിക്കാവുന്നതാണ്.